REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 25-10-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പിൽ പത്രികാ സമർപ്പണം ഇന്ന് സമാപിക്കും. മണ്ഡലങ്ങളിൽ പ്രചാരണം ശക്തമായി.**
- **കണ്ണൂർ ADM നവീൻ ബാബുവിന്റെ മരണത്തിൽ അന്വേഷണ റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ലഭിച്ചതായി മന്ത്രി K രാജൻ.**
- **കാസർകോടിനെ സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ജില്ലയായി പ്രഖ്യാപിച്ചു.**
- **സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ അതിശക്ത മഴയ്ക്ക് സാധ്യത.**
- **ന്യൂസിലാന്റിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച.**

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് സമാപിക്കും. മൂന്നു മുന്നണികളുടേതുൾപ്പെടെ പ്രമുഖരെല്ലാം ഇതിനകം പത്രിക നൽകി കഴിഞ്ഞു.**

**പ്രചാരണം കൂടുതൽ ഊർജ്ജിതമായി. ദേശീയ- സംസ്ഥാന നേതാക്കൾ വരുംദിവസങ്ങളിൽ മണ്ഡലങ്ങളിൽ പ്രചാരണത്തിനെത്തും.**

**അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണും.**

✪✪✪

വർഗ്ഗീയതക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് LDF ന്റേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ചേലക്കരയിൽ LDF തിരഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

വർഗ്ഗീയ ശക്തികൾക്ക് സ്വാധീനമുണ്ടെന്ന് ധരിക്കുന്നുണ്ടെങ്കിലും, വർഗ്ഗീയ സംഘർഷമില്ലാത്ത നാടായി കേരളം ഇതര സംസ്ഥാനങ്ങളിൽ നിന്നും വേറിട്ടു നിൽക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജാതി-മത ശക്തികളോട് പ്രീണനവും മൃദുസമീപനവും പാടില്ലെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

പത്രികാ സമർപ്പണം പൂർത്തിയായതോടെ പാലക്കാട് നിയസഭാ മണ്ഡലത്തിലെ മുന്നണി സ്ഥാനാർത്ഥികൾ ഉപതെരഞ്ഞെടുപ്പ് പ്രചാരണ രംഗത്ത് സജീവമായി. വരും ദിവസങ്ങളിൽ കേന്ദ്ര സംസ്ഥാന നേതാക്കൾ കൂടി എത്തുന്നതോടെ മണ്ഡലത്തിൽ പ്രചാരണം കൂടുതൽ ഊര്ജ്ജിതമാകും .

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

....(വോയ്സ്)..........

✪✪✪

ഉപതിരഞ്ഞെടുപ്പിൽ ഇത്തവണ വർഗീയ ധ്രുവീകരണ ശ്രമം വിലപ്പോവില്ലെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ പറഞ്ഞു. മുസ്ലീം വോട്ടുകളെ മതേതര വോട്ടുകളായി ഇടതു - വലതു മുന്നണികൾ ചിത്രീകരിക്കുകയാണെന്ന് സുരേന്ദ്രൻ കുറ്റപ്പെടുത്തി.

✪✪✪

ചേലക്കരയിൽ മൂന്ന് മുന്നണികളുടെയും ഉപതെരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ സജീവമായി. LDF സ്ഥാനാർത്ഥി U R പ്രദീപിന്റെ തിരഞ്ഞെടുപ്പ് പ്രചാരണ തെരഞ്ഞെടുപ്പ് കൺവെൻഷൻ പുരോഗമിക്കുന്നു.

NDA സ്ഥാനാർത്ഥി K ബാലകൃഷ്ണന്റെ തിരഞ്ഞെടുപ്പ് പ്രചാരണം മുള്ളൂർക്കര പഞ്ചായത്തിലായിരുന്നു. UDF സ്ഥാനാർത്ഥി രമ്യ ഹരിദാസ് രാവിലെ കൊണ്ടാഴി പ്രദേശത്തെ തേക്കിൻകാട് കോളനി സന്ദർശിച്ച് വോട്ട് അഭ്യർത്ഥിച്ചു.

✪✪✪

RSS നേതാക്കളെ കാണാൻ ADGP യെ നിയോഗിച്ച മുഖ്യമന്ത്രി പിണറയി വിജയന്റെ സംഘപരിവാർ വിരോധം പരിഹാസം ജനിപ്പിക്കുന്നതാണെന്ന്

പ്രതിപക്ഷനേതാവ് V.D സതീശൻ പറഞ്ഞു. ലാവ്‌ലിൻ കേസിലടക്കം കേന്ദ്ര അന്വേഷണം മരവിപ്പിക്കുന്നതിന് BJP ഗവൺമെന്റുമായി ഒത്തുതീർപ്പിലെത്തി കോൺഗ്രസ്സിനെ വിമർശിക്കാൻ മുഖ്യമന്ത്രി ശ്രമിക്കരുതെന്നും സതീശൻ പാലക്കാട്ട് പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ രണ്ട് MLA മാർക്ക് കൂറുമാറാൻ 100 കോടി രൂപ നൽകിയെന്ന ആരോപണം ശരിയെങ്കിൽ ഗുരുതരമായ കാര്യമാണെന്ന് LDF കൺവീനർ T P രാമകൃഷ്ണൻ പറഞ്ഞു. LDF ൽ ഈ വിഷയം വന്നിട്ടില്ലെന്നും അതിനാൽ കോവൂർ കുഞ്ഞുമോൻ, ആന്റണി രാജു എന്നിവരുമായി സംസാരിച്ചിട്ടില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി. മന്ത്രിസ്ഥാനം സംബന്ധിച്ച് മുന്നണിയല്ല തീരുമാനമെടുക്കുന്നതെന്നും, മന്ത്രിസ്ഥാനം ആർക്കും ഉറപ്പു നൽകിയിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

പണം വാഗ്ദാനം ചെയ്ത സംഭവം ഗൗരവമേറിയ കാര്യമാണെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം അഭിപ്രായപ്പെട്ടു. കുതിരക്കച്ചവട രാഷ്ട്രീയം ഇന്ത്യയിൽ പലയിടത്തും ഉണ്ടെന്നറിയാമെങ്കിലും കേരളത്തിലേക്ക് അത് വരുന്നു എന്ന വിഷയത്തിൽ അന്വേഷണം വേണമെന്ന് അദ്ദേഹം പറഞ്ഞു. സത്യം പുറത്തു വന്നശേഷം തുടർ നടപടികൾ കൈക്കൊള്ളുമെന്ന് ബിനോയ് വിശ്വം തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

അജിത്പവാർ പക്ഷത്ത് ചേരാൻ രണ്ട് MLA മാർക്ക് നൂറ് കോടി രൂപ വാഗ്ദാനം ചെയ്തെന്ന ആരോപണം തെറ്റാണെന്ന് തോമസ് K തോമസ് MLA പറഞ്ഞു. വിവാദവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അന്വേഷിക്കണമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കണ്ണൂർ ADM നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ലഭിച്ചതായി മന്ത്രി K രാജൻ അറിയിച്ചു. ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ A ഗീതയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

ചെങ്ങളായി പെട്രോൾ പമ്പിന് PV പ്രശാന്ത് അനുമതി നേടിയത് ചട്ടങ്ങൾ ലംഘിച്ചാണെന്ന നിഗമനം അന്വേഷണ റിപ്പോർട്ടിലുണ്ടെന്നാണ് സൂചന. ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടേതാണ് റിപ്പോർട്ട്.

✪✪✪

കണ്ണൂർ ADM നവീൻ ബാബുവിന്റെ മരണം കേരളത്തിന് പുറത്തെ ഏജൻസി അന്വേഷിച്ചാൽ മാത്രമേ സത്യം പുറത്തുവരൂ എന്നും, മരണത്തിന് പിന്നിൽ ചില ഭൂമി ഇടപാടുകളുമായി ബന്ധപ്പെട്ട മാഫിയകൾ ഉണ്ടെന്നും K.K രമ MLA പറഞ്ഞു. മലയാലപ്പുഴയിൽ നവീൻ ബാബുവിന്റെ കുടുംബാംഗങ്ങളെ സന്ദർശിച്ച ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അവർ.

✪✪✪

സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ജില്ലയായി കാസർകോടിനെ മന്ത്രി K രാജൻ പ്രഖ്യാപിച്ചു. രാജ്യത്ത് ആദ്യമായാണ് ഒരു ജില്ല സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നത്.

✪✪✪

അതിതീവ്ര ചുഴലിക്കാറ്റായ 'ദാന' തീവ്രത കുറഞ്ഞ ചുഴലിക്കാറ്റായി മാറുകയാണെന്ന് ഇന്ത്യൻ കാലാവസ്ഥാ കേന്ദ്രം അറിയിച്ചു. വടക്കൻ ഒഡീഷയിൽ അടുത്ത മണിക്കൂറുകളിൽ ഇത് തീവ്ര ന്യൂനമർദ്ദമായി മാറുമെന്നാണ് വിലയിരുത്തൽ. ഇന്നലെ അർദ്ധരാത്രിയോടെ കര തൊട്ട ചുഴലിക്കാറ്റ് തീര ഒഡീഷ ജില്ലകളിൽ കനത്ത നാശമുണ്ടാക്കി. വൻമരങ്ങളും വൈദ്യുതി തൂണുകളും തകർത്ത ചുഴലിക്കാറ്റ് കാർഷിക വിളകൾക്കും വീടുകൾക്കും നാശനഷ്ടമുണ്ടാക്കി.

✪✪✪

RSS ന്റെ അഖിലേന്ത്യാ എക്സിക്യൂട്ടീവ് ബോർഡ് യോഗം ഇന്ന് മഥുരയിൽ ആരംഭിക്കും. രണ്ടു ദിവസത്തെ യോഗം 2025-ൽ നൂറു വർഷം പൂർത്തിയാക്കുന്ന സംഘടനയുടെ അംഗബലം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ ചർച്ച ചെയ്യും.

✪✪✪

55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ പ്രധാന വിഭാഗമായ ഇന്ത്യൻ പനോരമയിൽ, പ്രദർശിപ്പിക്കുന്ന 25 ഫീച്ചർ ഫിലിമുകളുടെയും 20 നോൺ-ഫീച്ചർ ഫിലിമുകളുടെയും പട്ടിക പ്രഖ്യാപിച്ചു. രൺദീപ് ഹൂഡ സംവിധാനം ചെയ്ത് നായകനായി അഭിനയിച്ച 'സ്വതന്ത്ര വീർ സവർക്കറാണ് ' ഉദ്ഘാടന ചിത്രം.

മലയാളത്തിൽ നിന്ന് ആട് ജീവിതം, ഭ്രമയുഗം, ലെവൽക്രോസ് എന്നിവയാണ് ഇന്ത്യൻ പനോരമയിലെ ഫീച്ചർ വിഭാഗത്തിൽ പ്രദർശിപ്പിക്കുന്നത്. മുഖ്യധാരാ സിനിമാ വിഭാഗത്തിൽ മഞ്ഞുമ്മൽ ബോയ്സ് പ്രദർശിപ്പിക്കും.

✪✪✪

**സംസ്ഥാനത്ത്  ഇന്ന് അഞ്ചു ജില്ലകളിൽ അതിശക്തമായ മഴയും ആറ് ജില്ലകളിൽ ശക്തമായ മഴയും ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ ഓറഞ്ചു ജാഗ്രത പ്രഖ്യാപിച്ചു.  വയനാട്, കണ്ണൂർ, കാസർക്കോട് ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.  തിങ്കളാഴ്ച വരെ മഴ തുടരും.**

**കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മൽസ്യ തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട് .**

**✪✪✪**

**ന്യൂസിലാന്റിനെതിരായ  രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച.**

**ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ പൂനെയിൽ  ഇന്ത്യ ഒൻപത് വിക്കറ്റിന്  142 റൺസെടുത്തു.**

**ന്യൂസിലാൻഡ് ആദ്യ ഇന്നിംഗ്സിൽ 259 റൺസെടുത്തിരുന്നു.**

**✪✪✪**

**അൽബേനിയയിൽ അണ്ടർ 23 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 59 കിലോയിൽ ഇന്ത്യയുടെ അഞ്ജലി വെള്ളി നേടി. ഫൈനലിൽ ഉക്രൈൻ താരത്തോടാണ്  അഞ്ജലി പരാജയപ്പെട്ടത്. വനിതകളുടെ 68 കിലോ വിഭാഗത്തിൽ ഇന്ത്യൻ താരം മോണിക്ക, ചൈനീസ് താരത്തെ തോൽപ്പിച്ച് വെങ്കലം നേടി.**

**✪✪✪**

**സൂപ്പർ ലീഗ് കേരള  ഫുട്ബോളിൽ ഇന്ന്  തിരുവനന്തപുരം കൊമ്പൻസ് FC, ഫോഴ്സ കൊച്ചി FC യെ നേരിടും.  തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 നാണ് മത്സരം. സെമിയിൽ ഇടം നേടാൻ ഇരുടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്. 12 പോയിന്റ്സുമായി കൊമ്പൻസ്, നിലവിൽ പട്ടികയിൽ മൂന്നാം സ്ഥാനത്താണ്.**

**✪✪✪**

**കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, ഹോം ഗാർഡ്സ് , സിവിൽ ഡിഫെൻസ് സംസ്ഥാന കായികമേളക്ക് കോഴിക്കോട്  തുടക്കമായി. കോഴിക്കോട് മെഡിക്കൽ കോളേജ് സിന്തറ്റിക് ട്രാക്കിലാണ് അത്‌ലറ്റിക് മത്സരങ്ങൾ.**

ദേവഗിരി സെന്റ് ജോസഫ് കോളേജ് ഗ്രൗണ്ടിൽ ക്രിക്കറ്റ്, ഫുട്ബാൾ, വടംവലി മത്സരങ്ങളും നടക്കും. വോളിബോൾ, ബാഡ്മിന്റൺ മത്സരങ്ങൾ ദേവഗിരി കോളേജ് ഇൻഡോർ സ്റ്റേഡിയത്തിലാണ്.

✪✪✪

പാലക്കാട് ജില്ലാ സ്കൂൾ കായികമേളയിൽ 288 പോയിന്റുകളുമായി പറളി ഉപജില്ല ജേതാക്കളായി. കൊല്ലങ്കോട് ഉപജില്ലയ്ക്കാണ് രണ്ടാം സ്ഥാനം. പാലക്കാട് ഉപജില്ല മൂന്നാമതും എത്തി. സ്കൂൾ തലത്തിലും പറളി ഹൈസ്കൂളാണ് കിരീടം സ്വന്തമക്കിയത്. മുണ്ടൂർ ഹയർസെക്കന്ററി സ്കൂളിനാണ് രണ്ടാം സ്ഥാനം.

✪✪✪

ഭൂമി തരംമാറ്റുന്നതിന് താലൂക്ക്തല അദാലത്തുകൾക്ക് കണ്ണൂർ ജില്ലയിൽ തുടക്കമായി. ആഗസ്റ്റ് 31 വരെ ലഭിച്ചതും സൗജന്യമായി അനുവദിക്കേണ്ടതുമായ 25 സെന്റിൽ താഴെ ഭൂമി സംബന്ധിച്ച ഫോറം അഞ്ച്, ആറ് അപേക്ഷകളാണ് ഉദ്യോഗസ്ഥതല അദാലത്തിൽ പരിഗണിക്കുന്നത്.

✪✪✪

സംസ്ഥാനത്തെ രണ്ട് ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചു. പാലക്കാട് പുതുക്കോട് കുടുംബാരോഗ്യ കേന്ദ്രം, വയനാട് മുപ്പൈനാട് കുടുംബാരോഗ്യ കേന്ദ്രം എന്നിവയ്ക്കാണ് അംഗീകാരം ലഭിച്ചത്. ഇതോടെ സംസ്ഥാനത്തെ 189 ആശുപത്രികൾ N.Q.A.S അംഗീകാരവും 82 ആശുപത്രികൾ പുന:അംഗീകാരവും നേടി.

✪✪✪

കോഴിക്കോട് കോർപ്പറേഷൻ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയിലേക്ക്. കോർപ്പറേഷനിലെ 75 വാർഡുകളിലും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതായി മേയർ ഡോ. ബീനാ ഫിലിപ്പ് അറിയിച്ചു.

സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളത്തെ മാറ്റാൻ നടപ്പാക്കുന്ന ഡിജി കേരളം പദ്ധതിയുടെ ഭാഗമായാണ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്.

✪✪✪

സ്വർണ്ണവില ഇന്നും വർധിച്ചു. പവന് 80 രൂപ കൂടി 58,360 ലെത്തി. 7,295 രൂപയാണ് ഗ്രാമിന്.

✪✪✪

സംസ്ഥാന വനിതാ കമ്മീഷന്റെ കോഴിക്കോട് ജില്ലാതല അദാലത്ത് നാളെ ജില്ലാ പഞ്ചായത്ത് ഹാളിൽ നടത്തും. രാവിലെ 10-ന് ആരംഭിക്കുന്ന അദാലത്തിൽ പുതിയ പരാതികളും സ്വീകരിക്കും.

✪✪✪

കൊടുങ്ങല്ലൂർ നഗരസഭാ പരിധിയിൽ എലിവേറ്റഡ് ഹൈവെ കർമ്മസമിതി ആഹ്വാനം ചെയ്ത ജനകീയ ഹർത്താൽ ആരംഭിച്ചു. ദേശീയപാത 66- ൽ കൊടുങ്ങല്ലൂർ DYSP ഓഫീസ് ജംഗ്ഷനിൽ ക്രോസിംഗ് സൗകര്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹർത്താൽ.

✪✪✪

കോഴിക്കോട് റവന്യു ജില്ല ശാസ്ത്രോത്സവത്തിന് കുന്നമംഗലത്ത് തുടക്കമായി,PTA റഹീം MLA മേള ഉദ്ഘാടനം ചെയ്തു. കുന്നമംഗലം ഹൈസ്കൂളിലും മർക്കസ്സ് സ്കൂളുകളിലുമാണ് വേദികൾ.

✪✪✪

റോഡുകളിലും ഡിവൈഡറുകളിലും കെട്ടിടങ്ങളുടെ മുകളിലും മറ്റും സ്ഥാപിച്ച അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യാൻ കണ്ണൂർ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അടിയന്തര നിർദ്ദേശം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടു. തദ്ദേശ ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്കാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ് നിർദ്ദേശം നൽകിയത്.

✪✪✪

ശക്തമായ മഴസാധ്യത മുൻനിർത്തി ഈരാറ്റുപേട്ട - വാഗമൺ റോഡിലും കോട്ടയം ജില്ലയിലെ മലയോര മേഖലയിലും രാത്രികാല യാത്ര നിരോധിച്ചു. വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽ കല്ല്, മാർമല അരുവി എന്നിവിടങ്ങളിലും നാളെ വരെ നിരോധനം ഏർപ്പെടുത്തി.

✪✪✪